LIBRARY ARCHIVES Kerala Legislative Assembly

പുഴകളുടെ തീരസംരക്ഷണം

101(606) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലയളവിൽ, പുഴകളുടെ തീരം ഇടിഞ്ഞ് വീടുകൾ, കൃഷിയിടങ്ങൾ, കാർഷിക വിളകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയാൻ പിറവം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങളിൽ തീര സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

&

(ബി) ഇല്ലെങ്കിൽ, ഇതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

മൺസൂൺ കാലയളവിൽ പുഴകളുടെ തീരം ഇടിഞ്ഞ് വീടുകൾ കൃഷിയിടങ്ങൾ കാർഷികവിളകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് പിറവം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ തീരസംരക്ഷണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

നൃകട്ട് ജലസേചന പദ്ധതി

102(607) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നൃകട്ട് പുഴ ആഴം കൂട്ടി, സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുകയും തടയണ നിർമ്മിക്കുകയും ചെയ്യുന്ന നൃകട്ട് ജലസേചന പദ്ധതിയുടെ പൂർത്തീകരിച്ച നടപടി വിശദമാക്കാമോ?

ദേശീയ ജലപാത എൻ.ഡബ്ല്യു.3-യുടെ ഭാഗമായി വരുന്ന റൂട്ടാണ് നൃകട്ട് കനാൽ. എൻ.ഡബ്ല്യു.3-യുടെ പ്രവർത്തനങ്ങൾ പ്രാവർത്തികമാകുന്ന മുറയ്ക്ക് നൃകട്ട് കനാലിലെ പ്രവൃത്തിയും നടപ്പിലാക്കുന്നതാണ്. നൃകട്ട് കനാലിൽ ഒരു ലോക്ക് നിർമ്മാണത്തിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിനുവേണ്ടി ഇൻഡന്റ് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.